കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളുകളിൽ നിലവിലുള്ള കോഴ്സുകൾ

18 [5765] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളുകളിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകൾക്ക് പഠിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനവും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ;

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഇപ്പോൾ ഓപ്പൺ ഹയർ സെക്കണ്ടറി കോഴ്സും ഹയർ സെക്കണ്ടറി പ്രൈവറ്റ് രജിസ്ട്രേഷനും നിലവിലുണ്ട്.

(ബി) സ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ പല കാരണങ്ങൾ കൊണ്ട് വിദ്യാഭ്യാസം മുടങ്ങിയവർക്കും ഏതെങ്കിലും തൊഴിലിൽ ഇരുന്നുകൊണ്ട് വിദ്യാഭ്യാസം തുടരുവാൻ ആഗ്രഹിക്കുന്നവർക്കും വിദ്യാഭ്യാസ അവസരങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് ഓപ്പൺ സ്കൂളുകളുടെ ലക്ഷ്യം. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്. സി. ഇ. ആർ. ടി.) യുടെ ഒരു വിഭാഗമായിട്ടാണ് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പ്രവർത്തിക്കുന്നത്.

സ്വയം പഠന സാമഗ്രികൾ, സമ്പർക്ക ക്ലാസ്സുകൾ എന്നിവ മുഖേനയുള്ള പഠനമാണ് ഓപ്പൺ സ്കൂൾ വ്യവസ്ഥയിൽ നടപ്പിലാക്കുന്നത്. ഇതിനായി എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകൾ ഓപ്പൺ സ്കൂൾ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി ജില്ലാ കോർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

ജില്ലാതല ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ രൂപീകരിക്കുന്നതിന് നടപടി

19 [5766] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കുമ്പോൾ അതിനുള്ള സംവിധാനം ജില്ലാതല ഹയർ സെക്കണ്ടറി ഓഫീസുകളിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly